# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

## <u>അറിയിപ്പ്</u>

No. 707/R1/2022/KDRB

തിരുവനന്തപുരം
03.12.2022

**2022 സെപ്തംബർ 18** ന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തിയ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ <u>**എൽ.ഡി ക്ലർക്ക് / സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II (കാറ്റഗറി നമ്പർ : 08/ 2022)**</u> തസ്തികയുടെ സാധ്യതാ പട്ടിക പ്രസിദ്ധീകരിച്ചു. മെയിൻ ലിസ്റ്റിൽ 139 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 52 പേരും ഭിന്നശേഷിക്കാരുടെ ലിസ്റ്റിൽ 20 പേരും ഉൾപ്പെടെ ആകെ 211 പേർ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. സാധ്യതാ പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ **2022 ഡിസംബർ 12 , 13, 14** എന്നീ തീയതികളിൽ തിരുവനന്തപുരം ആയുർവേദ കോളേജ് ജംഗ്ഷനിലുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വെരിഫിക്കേഷൻ സംബന്ധിച്ച വ്യക്തിഗത അറിയിപ്പ് ഉദ്യോഗാർത്ഥികൾക്ക് തപാൽ മുഖാന്തിരം അയക്കുന്നതാണ്. **ഭിന്നശേഷിക്കാർ 25.08.2020ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) 19/2020/സ.നി.വ-യിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള** JOB ORIENTED PHYSICAL AND FUNCTIONALITY CERTIFICATION **ഹാജരാക്കേണ്ടതാണ്.** കൂടുതൽ വിവരങ്ങൾ കെ.ഡി.ആർ.ബിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ (www.kdrb.kerala.gov.in) ലഭ്യമാണ്.

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്